**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 606** **28.09.2011 - ൽ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് കരാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റ് പ്രതിനിധികളും സർക്കാർ പ്രതിനിധികളും തമ്മിൽ 2011 ഓഗസ്റ്റ് ആദ്യവാരത്തിൽ എവിടെയെല്ലാം വെച്ച് ഏതെല്ലാം തീയതികളിൽ ചർച്ചകൾ നടത്തുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) ഈ കാലയളവിൽ ഏതെല്ലാം ചർച്ചകളെത്തുടർന്ന് ഏതെല്ലാം എഗ്രിമെന്റുകൾ തയ്യാറാക്കുകയുണ്ടായി;<br><br>(സി) ഏതെല്ലാം വകുപ്പ് ഉദ്യോഗസ്ഥർ കരാർ തയ്യാറാക്കുന്നതിന് ബന്ധപ്പെടുകയുണ്ടായി; കരാറുകളിൽ ഒപ്പു വച്ചവർ ആരൊക്കെ; | (എ), (ബി), &(സി)<br>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് മാനേജ്മെന്റ് പ്രതിനിധികളുമായി മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരവധി ചർച്ചകൾ നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ 29.08.2011 - ന് സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി സർക്കാർ കരാറിൽ ഒപ്പിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരാറിൽ സർക്കാരിന് വേണ്ടി ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറിയും അസോസിയേഷനുവേണ്ടി അംഗീകൃത പ്രതിനിധിയുമാണ് ഒപ്പിട്ടിട്ടുള്ളത്. |
| (ഡി) തയ്യാറാക്കപ്പെട്ട കരാറുകളുടെ ഓരോ പകർപ്പും ചർച്ചകളുടെ മിനുട്സുകളുടെ ഓരോ പകർപ്പും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ? | (ഡി) സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി ഒപ്പിട്ട കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ